Kerala Catholic Bishops' Council
(KCBC)
Secretariat Kerala Catholic Bishops' Council, Pastoral Orientation Centre
P.B. No. 2251, Palarivattom, Kochi-682025, Kerala, India
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: kcbckochi@gmail.com

PRESIDENT
ARCHBISHOP MOST REV. DR. DANIEL ACHARUPARAMBIL
Latin Archbisop's House
P.B. No. 2581, Kochi-682031
Ph: 0484-2372892, 2380474
Fax: 0484-2360911
E-mail: vpoly@vsnl.com

VICE-PRESIDENT
SHOP DR. JOSHUA MAR IGNATHIOS
Amalagiri Catholic Bishop's House
. Mary's Malankara Catholic Cathedral
Punnamoodu, Mavelikara-690 101
Ph: 0479 2344081,2344082
Fax:0479 2344083
E-mail: marignathios@yahoo.co.in

SECRETARY
ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680005
Ph: 0487-2333325, 2338203
Fax: 0487-2338204
E-mail: athazhath@hotmail.com

DEPUTY SECRETARY
DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Ph: 0484-2805722, 2805815
Fax: 0484-2806214
E-mail: stephenalathara@hotmail.com

07.10.2008

All Kerala Press Release

***Ref:*** *197/KCBC/K-6/KPR/DS*

# കെ.സി.ബി.സി. പറഞ്ഞത് ശരിയെന്ന് തെളിഞ്ഞു

കൊച്ചി: സ്കൂൾതലത്തിൽ ഈ അധ്യയനവർഷം പരിഷ്ക്കരിച്ച് പുറത്തിറക്കിയ എല്ലാ പാഠപുസ്തകങ്ങളും അടുത്ത വർഷം പുനഃപരിശോധിച്ച് മെച്ചപ്പെടുത്തണമെന്ന് പാഠപുസ്തക പരിശോധനയ്ക്കായി സർക്കാർ നിയോഗിച്ച ഉന്നതാധികാരസമിതി അന്തിമ റിപ്പോർട്ട് നൽകിയതിന്റെ വെളിച്ചത്തിൽ എല്ലാ പാഠപുസ്തകങ്ങളും പിൻവലിച്ച് നിലവാരമുള്ള പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് അടുത്ത അധ്യയന വർഷം ലഭ്യമാക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെട്ടു.

പാഠപുസ്തകങ്ങളുടെയും പൊതുവിദ്യാഭ്യാസത്തിന്റെയും നിലവാരത്തകർച്ചയെക്കുറിച്ച് കെ.സി.ബി.സി. നേരത്തെ ബന്ധപ്പെട്ടവരെ അറിയിക്കുകയും പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന് കാര്യകാരണ സഹിതം ആവശ്യപ്പെടുകയും ചെയ്തതാണ്. വിദ്യാഭ്യാസമന്ത്രിയുടെ അനാവശ്യ പിടിവാശിമൂലമാണ് പാഠപുസ്തകങ്ങൾ കേരളത്തിൽ വലിയൊരു വിവാദമായി മാറിയത്. ഉന്നത അധികാര സമിതി നിർദ്ദേശിച്ചതുപോലെ ഉള്ളടക്കം, അവതരണം, ആഖ്യാനം എന്നിവ മെച്ചപ്പെടുത്താൻ നിലവിലുള്ള പാഠപുസ്തകങ്ങൾ പിൻവലിച്ചുകൊണ്ടല്ലാതെ സാധ്യമാകില്ല; ആരുടെയെങ്കിലും നിർബന്ധബുദ്ധിയോ രാഷ്ട്രീയ താത്പര്യങ്ങളോ അല്ല, വരുംതലമുറകളുടെ ഭാവിയാണ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ട ഏകപരിഗണന. പാഠപുസ്തക നിർമ്മിതിയിൽ ഓരോ വിഷയത്തിനും ദേശീയ തലത്തിൽ വിദഗ്ദ്ധരായവർ ഉൾപ്പെട്ട സമിതികൾ ഉണ്ടാകണമെന്നും സമിതികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും പാഠപുസ്തകവും, കരിക്കുലവും, സിലബസും തയ്യാറാക്കുമ്പോൾ സുതാര്യതയുണ്ടാകണമെന്നുള്ള പാഠപുസ്തക സമിതിയുടെ അന്തിമറിപ്പോർട്ടിലെ പരാമർശങ്ങൾ സ്വാഗതാർഹവും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസവകുപ്പ് ഉന്നയിച്ച ആരോപണങ്ങളെ ശരിവയ്ക്കുന്നവയുമാണെന്ന് കെ.സി.ബി.സി. പ്രസിഡണ്ട് ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിലും, വൈസ് പ്രസിഡണ്ട് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസും, സെക്രട്ടറി ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും സംയുക്ത പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.